ശ്രീ. സി. കേശവൻ: അതിനെപ്പറ്റി സൂക്ഷ്മമായി അന്വേഷിച്ചിട്ടേ ഒരു മറുപടി നൽകാൻ സാധിക്കയുള്ളൂ.

പട്ടിണിത്തോട്

*ഫ ര ന്യ. (ന ഫ) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) പറവൂർ താലൂക്കിലെ പട്ടിണിത്തോട് നന്നാക്കി വള്ളം വഴിയുള്ള യാത്ര സുഗമപ്രദമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അനേകകൊല്ലങ്ങളായി നിവേദനങ്ങൾ അയച്ചുകൊണ്ടിരിക്കുന്ന സംഗതി ഗവൺമെണ്ടിനറിയാമോ;

(ബി) ഏതെങ്കിലും സംഖ്യ ഈ സാമ്പത്തിക വർഷത്തിൽ ഇതിനായി കൊള്ളിച്ചിരുന്നോ;

(സി) ഉണ്ടെങ്കിൽ സംഖ്യയെത്ര; എന്തു ചെലവാക്കി?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ), അറിയാം.

(ബി) ഇതിനുവേണ്ടി സംഖ്യ കൊള്ളിച്ചിട്ടുണ്ടായിരുന്നു.

(സി) ഫ ഉ, ൦ ൦ ൦ രൂപ. ഇതിൽനിന്നും ഇതുവരെ ഒന്നും ചിലവു ചെയ്തിട്ടില്ല.

ശ്രീ. അലക്സാണ്ടർ വാകയിൽ: യാതൊരു സംഖ്യയും ചിലവാക്കിയിട്ടില്ലായെന്ന് പറയുന്നു. അതിനുള്ള കാരണം എന്താണെന്ന് പറയാമോ?

ശ്രീ. സി. കേശവൻ: വല്ല പണിയും നടത്തിയിട്ടുള്ളതായി കൺട്രാക്ടറന്മാർ യാതൊരു ബില്ലും ഹാജരാക്കിയിട്ടില്ല. അതുകൊണ്ടാണ് ചിലവാകാത്തത്.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഇതുവരെയായിട്ടും യാതൊരു പണിയും അവിടെ നടത്തിയില്ലായെന്നുള്ളതു് ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. സി കേശവൻ: പണി നടത്തിയിട്ടുണ്ടോ ഇല്ലയോ എന്നുള്ളതു് ഗവൺമെണ്ടു് അന്വേഷിക്കാം.

ശ്രീ. എം. ഐ. പാഠം: പല മരാമത്തുവേലകൾക്കും ബഡ്ഡറിൽ പണം കൊള്ളിക്കുകയും വേല ആരംഭിക്കാതെ പണം ഒടുവിൽ ലാപ്സാക്കിക്കളയുകയുമാണ് ചെയ്യുന്നതെന്ന് അറിയാമോ?

ശ്രീ സി. കേശവൻ: ചിലപ്പോൾ അങ്ങനെ സംഭവിച്ചേക്കാം.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: പറവൂർ താലൂക്കിലെ പട്ടിണിത്തോടിനു് എത്ര മൈൽ നീളമുണ്ടെന്ന് പറയാമോ?

ശ്രീ. സി. കേശവൻ: അതിനു നോട്ടീസു് വേണം.

മദ്യനിരോധനം

*ഫ ര ൬. (ന ഉ) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട എക്സൈസ്സ്വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ഈ സാമ്പത്തികവർഷത്തിൽ മദ്യനിരോധനം നിമിത്തം എന്തു സംഖ്യയാണ് ഗവൺമെണ്ടിനു് നഷ്ടം വന്നിട്ടുള്ളതു്?

LIBRARY ARCHIVES Kerala Legislative Assembly